വില്ലേജ് ആഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

2 (* 264) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആഫീസിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിൽ നിലവിൽ ഉണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിൽ നേട്ടം കൈവരിച്ചുവോ ; എങ്കിൽ നാളിതുവരെ എത്ര വില്ലേജ് ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വില്ലേജ് ആഫീസുകളിലെ റിക്കാർഡുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ ജോലിഭാരം ലഘൂകരിക്കാനും സേവനരംഗം പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വില്ലേജ് ആഫീസുകളിലെ കാലതാമസം സംബന്ധിച്ച ആക്ഷേപം നിലവിലുണ്ടോ ; എങ്കിൽ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ ഇസ്മയിൽ) : സർ,

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ജീർണ്ണാവസ്ഥയിലായിരുന്ന വില്ലേജ് ആഫീസ് കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരവും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരവും കമ്പ്യൂട്ടറൈസേഷനും റെക്കാർഡ് റൂം നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു. ജോലിഭാരം കൂടുതൽ ഉള്ള വില്ലേജ് ആഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) നേട്ടം കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ ഉള്ള 1453 വില്ലേജുകളിൽ 1382 എണ്ണത്തിന് സ്വന്തം കെട്ടിടം നിർമ്മിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് റിക്കാർഡ് റൂമുകൾ പണിയുന്ന സ്കീം നടപ്പിലാക്കിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 84 റിക്കാർഡ് റൂമുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്. പഠനങ്ങൾ നടത്തുകയും റവന്യൂ വില്ലേജ് സംവിധാനം സംയോജിപ്പിച്ച് സമഗ്രമായി പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജോലിഭാരം ലഘൂകരിക്കാനും സേവനരംഗം പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ താലൂക്ക് ആസ്ഥാന വില്ലേജുകളിലും പുനർവിന്യാസംവഴി 63 ഉദ്യോഗസ്ഥന്മാരെ അധികമായി നിയമിച്ചിട്ടുണ്ട്.

(എഫ്) വില്ലേജ് ആഫീസുകളിലെ കാലതാമസം സംബന്ധിച്ച് ആക്ഷേപം മുമ്പത്തേപ്പോലെ നിലവിലില്ല. ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് തയ്യാറാക്കിയ 'സിറ്റിസൺസ് ചാർട്ട്' എല്ലാ വില്ലേജാഫീസുകളിലും പ്രദർശിപ്പിക്കുന്നുണ്ട്. ലഭിക്കുന്ന പരാതികൾ സത്വരമായി പരിഗണിക്കുകയും സമയബന്ധിതമായി പരാതികൾ പരിഹരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പരാതിക്ക് രസീത് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജോലിഭാരം അനുസരിച്ച് കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വില്ലേജാഫീസുകളിലെ പരിശോധനയും കാര്യക്ഷമമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർ മുഖേന ബന്ധിപ്പിച്ചുവരുന്ന മാതൃകയിൽ വില്ലേജ്-താലൂക്ക്-കളക്ടറേറ്റ് ഓഫീസുകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നു കരുതുന്നുണ്ടോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : തീർച്ചയായിട്ടും കരുതുന്നുണ്ട്. 14 ജില്ലാ കളക്ടറേറ്റുകളും താലൂക്കാഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. ഈ വർഷം മുതൽ വില്ലേജാഫീസുകൾ കൂടി കമ്പ്യൂട്ടർവൽക്കരിക്കുകയാണ്. വില്ലേജും താലൂക്കും ജില്ലയുമെല്ലാം സംയോജിപ്പിക്കണമെന്നുതന്നെയാണ് ഗവൺമെന്റാഗ്രഹിക്കുന്നത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ഭൂപ്രകൃതി, ജനസംഖ്യ ഇവ കണക്കിലെടുത്ത് കൊണ്ട്വില്ലേജാഫീസുകൾ വിഭജിക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ടോ ; ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിലെ കാരാക്കുറിശി പഞ്ചായത്തിൽ പള്ളിപ്പുറത്ത് വില്ലേജാഫീസ് തുടങ്ങണമെന്ന നിവേദനം നൽകിയിട്ടുണ്ടോ ; അത് പരിഗണനയിലുണ്ടോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : ജനസംഖ്യയുടേയും ഭൂപ്രകൃതിയുടേയും ഒക്കെ അടിസ്ഥാനത്തിൽ, പ്രായോഗികതയുടേയും കൂടി അടിസ്ഥാനത്തിൽ വില്ലേജാഫീസുകൾ പുനഃസംവിധാനം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ധാരാളം പരാതികൾ കിട്ടിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ അങ്ങനെ പ്രായോഗികമായി പുനഃസംഘടിപ്പിക്കേണ്ടത് ഏതെല്ലാമെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരികയാണ്. കഴിയുന്നതുംവേഗം ആ നടപടി പൂർത്തിയാക്കുന്നതാണ്.

ശ്രീ. എ. കണാരൻ : അങ്ങ് വില്ലേജാഫീസുകളെ സംബന്ധിച്ച് നൽകിയ ഉത്തരത്തിൽ പറയുന്നത് 1453 വില്ലേജാഫീസുകളിൽ 1382 എണ്ണത്തിന് കെട്ടിടം പണിതു എന്നാണ്. അങ്ങനെ വരുമ്പോൾ ബാക്കിയുള്ളവ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിലാണോ, അതോ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ? വേറൊരു ഉത്തരത്തിൽ പറഞ്ഞത് ജോലിഭാരം കൂടുതലുള്ള വില്ലേജാഫീസുകളിൽ പുതിയ ജീവനക്കാരെ നിശ്ചയിച്ചിട്ടുണ്ടെന്നാണ്. ഈ വില്ലേജാഫീസുകളിൽ ഏതെല്ലാം വിധത്തിലുള്ള ജോലികളാണ് നിർവ്വഹിക്കപ്പെടേണ്ടത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : എല്ലാ വില്ലേജാഫീസുകളിലും ചെയ്യേണ്ട ജോലികൾ എന്തെന്ന് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട് റവന്യൂ പുനഃസംവിധാനത്തെത്തുടർന്ന് എല്ലാ താലൂക്കാഫീസുകളിലും ഒരു അഡീഷണൽ തഹസീൽദാർ, രണ്ട് ഡെപ്യൂട്ടി തഹസീൽദാർ, രണ്ടു ക്ലാർക്കുമാർ, ടൈപ്പിസ്റ്റ്, മൂന്ന് പ്യൂൺ അങ്ങനെ കുറെ ജീവനക്കാരെ നമ്മൾ കൊടുത്തിരുന്നു. അതുപോലെ പട്ടണപ്രദേശങ്ങളിലെ വില്ലേജാഫീസുകളിൽ ഒരു അഡീഷണൽ വില്ലേജാഫീസറെക്കൂടി കൊടുത്തിട്ടുണ്ട്. റവന്യൂബോർഡ് നിറുത്തൽ ചെയ്തതിനെത്തുടർന്ന് ചില അധികാരങ്ങൾ കളക്ടറേറ്റുകളിലും താഴെയുമൊക്കെ നൽകുകയും താലൂക്കുകളിൽ ചെയ്യുന്ന ജോലികൾ രണ്ടു തഹസീൽദാർമാർ വീതിച്ച് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തതോടുകൂടി ജോലി വിഭജനമുണ്ടായിട്ടുണ്ട്. അതുകൊണ്ട് മിക്കവാറും എല്ലാ സമയങ്ങളിലും നടപ്പിലാക്കേണ്ട ജോലികളെസംബന്ധിച്ച് കൃത്യമായി നിർവ്വചിക്കുകയും അതിന്റെ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. കണാരൻ : വില്ലേജാഫീസുകൾ മുഖേനയാണ് വക്ഷംവീട്, നാല്സെന്റ്, പുറമ്പോക്ക് നിവാസികൾക്കെല്ലാം പട്ടയവും കൈവശരേഖയുമൊക്കെ നൽകുന്നത്. പത്തുകൊല്ലം കഴിഞ്ഞിട്ടും ഇപ്പോഴുംകൈവശരേഖ കിട്ടാതെ വിഷമിക്കുന്ന ധാരാളം പേർ അവരുടെ കൂട്ടത്തിലുണ്ട്. ഇത് ഏറ്റവും വേഗത്തിൽ കൊടുക്കാനുള്ള ഒരു സംവിധാനം, ഒരു വില്ലേജാഫീസർക്ക് ഒരു പെറ്റീഷൻ കിട്ടിക്കഴിഞ്ഞാൽ അതിന്റെ മുകളിൽ പെട്ടെന്ന് ഒരു തീരുമാനമെടുത്ത് കൊടുക്കാനുള്ള സംവിധാനമുണ്ടായിക്കഴിഞ്ഞാൽ ഈ സംസ്ഥാനത്തിലെ സാധാരണ ജനങ്ങൾക്ക് വലിയ ആശ്വാസമുണ്ടാകും. ഇപ്പോൾ ഇതെല്ലാം തഹസീൽദാർക്ക് അയച്ചുകൊടുത്ത്, തഹസീൽദാർ താഴോട്ട് അയച്ച് റവന്യൂ ഡിപ്പാർട്ടുമെന്റിനയച്ച് അങ്ങോട്ടുമിങ്ങോട്ടും ഈ ഫയലുകൾ തട്ടിക്കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. ആ അവസ്ഥയ്ക്ക് മാറ്റം വരുത്തി ഏറ്റവും വേഗത്തിൽ കൈവശരേഖയും പട്ടയവും നൽകാനുള്ള സംവിധാനമുണ്ടാക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : നാലു സെന്റ്, ലക്ഷംവീട് കോളനികളിൽ ഏറെ പേർക്ക് ഇനി കേരളത്തിൽ പട്ടയം കിട്ടാനില്ല. അത് ബഹുമാനപ്പെട്ട മെമ്പർ ഒന്നുകൂടി അന്വേഷിക്കണം. രണ്ടുദിവസം മുമ്പ് പാലക്കാട് ജില്ലയിലെ പട്ടയമേളയിൽ ഞാൻ പങ്കെടുത്തപ്പോൾ കളക്ടർ സ്വാഗതത്തിൽ പറഞ്ഞത് പാലക്കാട് ജില്ലയിലെ എല്ലാ നാലുസെന്റുകാർക്കും ലക്ഷംവീടുകാർക്കും ഹരിജൻ കോളനിയിലും പട്ടയം നൽകിക്കഴിഞ്ഞുവെന്നാണ്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇനിയൊന്നും അവശേഷിക്കുന്നില്ല. കഴിഞ്ഞ ഒരാഴ്ചയ്ക്കകത്ത് മിക്കവാറും എല്ലാ ജില്ലകളിലും പട്ടയമേളയുമായി ബന്ധപ്പെട്ട് ഞാൻ പോയിരുന്നു. അലോട്ടീസ് മാറുകയും പുതിയ കൈവശക്കാർ വരികയും ചെയ്ത ചില പ്രദേശങ്ങളിലെ ചില സാങ്കേതിക തടസ്സങ്ങളാണ് പട്ടയം നൽകുന്നതിന് തടസ്സമായിട്ടുള്ളത്. അതുകൊണ്ട് നിലവിൽ താമസിക്കുന്നവർ ആരാണോ അവർക്ക് പട്ടയം നൽകണമെന്ന് പഞ്ചായത്ത് റെസല്യൂഷൻ എടുത്ത് അറിയിച്ചാൽ ആ നിമിഷം പട്ടയം കൊടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് യാതൊരു കാലതാമസവും ഉണ്ടാകാനിടയില്ല. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ, തെരഞ്ഞെടുപ്പ് വരുന്നതിനുമുമ്പുതന്നെ ഈ വിഭാഗങ്ങൾക്ക് കേരളത്തിൽ പട്ടയം കിട്ടിയിരിക്കും.

ശ്രീ. എം. എ. തോമസ് : വില്ലേജാഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളും പരാതികളുമൊക്കെ പ്രത്യേകമായി ഒരു രജിസ്റ്ററിൽ ചേർക്കും, അതിനുവേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ ഒരിക്കൽ അസംബ്ലിയിൽ പറയുകയുണ്ടായി. ആ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : വില്ലേജാഫീസുകളെക്കുറിച്ച് ധാരാളം പരാതികൾ കിട്ടിയ ഒരു സാഹചര്യത്തിലാണ് അത്തരം ചില തീരുമാനങ്ങൾ എടുക്കുകയും പരാതികൾ മുഴുവൻ സ്വീകരിക്കണം, രജിസ്റ്ററിൽ ചേർക്കണം, അവയ്ക്ക് രസീത് കൊടുക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്തത്. അപേക്ഷകൾ കിട്ടിയാൽ അടിയന്തിരമായി, ഒരാഴ്ചയ്ക്കുള്ളിൽ അതിൽ ഒരു തീരുമാനമെടുക്കണം, ആ തീരുമാനം അനുകൂലമായാലും പ്രതികൂലമായാലും കക്ഷിയെ അറിയിച്ചിരിക്കണം, സർട്ടിഫിക്കറ്റോ അതുപോലുള്ള കാര്യങ്ങളോ ആണ് ആവശ്യപ്പെടുന്നതെങ്കിൽ കൊടുക്കാതെയിരിക്കാൻ എന്താണ് കാരണമെന്നുള്ളത് തൊട്ടടുത്ത ഹയർ ഓഫീസറെ അറിയിച്ചിരിക്കണം. ഇങ്ങനെ കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് താലൂക്കാഫീസുകളിൽ നിന്നും കളക്ടറേറ്റുകളിൽ നിന്നും സ്ഥിരമായി പരിശോധിക്കുന്ന ഒരു സംവിധാനവും നിലവിലുണ്ട്. നൂറു ശതമാനം നടപ്പിലായി എന്ന് അവകാശപ്പെടാൻ കഴിയുകയില്ലെങ്കിലും ആ പ്രവർത്തനങ്ങളിൽ കുറച്ച് പുരോഗതിയുണ്ടായിട്ടുണ്ട്, ഞങ്ങൾ അത് ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. എം. എ. തോമസ് : വില്ലേജാഫീസുകൾ പണിയുന്നതിനുവേണ്ടി രണ്ടു ലക്ഷം രൂപയാണ് ഗവൺമെന്റ് കൊടുക്കുന്നത്. പല സ്ഥലത്തും ഈ രണ്ടു ലക്ഷം രൂപ കൊണ്ട് ഒരു കെട്ടിടം നല്ല രീതിയിൽ പണിയാൻ സാധിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ ബഹുജനങ്ങളുടെ സഹായത്തോടുകൂടി ഈ രണ്ടു ലക്ഷം രൂപയും അവിടെ നിന്ന് കളക്ട് ചെയ്ത തുകയും കൊണ്ട് ഒന്നാന്തരം ഒരു കെട്ടിടം പണിത് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഉദ്ഘാടനവും നടത്തുകയുണ്ടായി. ആ രീതിയിലുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : വില്ലേജാഫീസ് കെട്ടിടത്തിന് ആദ്യം ഒരു ലക്ഷം രൂപയായിരുന്നു. പിന്നീട് അത് ഒന്നര ലക്ഷം രൂപയായി. ഇപ്പോൾ രണ്ടു ലക്ഷം രൂപയാണ് കൊടുക്കുന്നത്. ഈ രണ്ടു ലക്ഷവും ജനപങ്കാളിത്തവും ചേർത്ത് ഓരോ പ്രദേശങ്ങളിൽ മനോഹരമായ കെട്ടിടം നിർമ്മിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, പത്തും, പന്ത്രണ്ടും ലക്ഷം രൂപവരെ ചെലവാക്കിയ വില്ലേജാഫീസ് കെട്ടിടങ്ങളുമുണ്ട്. തീരെ ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

സഹകരണമില്ലാത്ത പ്രദേശങ്ങളിൽ രണ്ടു ലക്ഷം രൂപയിൽ നിന്ന് കമ്മീഷൻ അടക്കം കഴിച്ച് ഒന്നര ലക്ഷത്തിന്റെ കെട്ടിടമുണ്ടാക്കിയിട്ടുള്ള അപൂർവ്വം കേസുകളുമുണ്ട്. അതുകൊണ്ട് ജനപങ്കാളിത്തം എന്നുള്ളത് ജനപ്രതിനിധികൾകൂടി മുൻകൈ എടുത്ത് നടപ്പിലാക്കാൻ സാധിച്ചാൽ അതാതു പ്രദേശങ്ങൾക്ക് ആവശ്യമായ വില്ലേജാഫീസ് കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിയും. ഇപ്പോൾ 50 വില്ലേജാഫീസുകൾക്ക് കഴിഞ്ഞ രണ്ടാഴ്ച മുമ്പ് അനുമതി നൽകിയിട്ടുണ്ട്. അതും ജനപങ്കാളിത്തത്തോടുകൂടി നടത്തണമെന്നുതന്നെയാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : കെട്ടിടം ഇല്ലാത്ത 171 വില്ലേജ് ആഫീസുകൾ ഉണ്ടെന്ന് അങ്ങയുടെ മറുപടിയിൽ പറഞ്ഞു. ഇതുപോലെ കെട്ടിടം ഇല്ലാത്ത വില്ലേജ് ആഫീസുകൾക്കും കെട്ടിടം ഇല്ലാത്ത താലൂക്ക് ആഫീസുകൾക്കും ഉടനെ കെട്ടിടം ഉണ്ടാക്കാനുള്ള എന്തു നടപടിയാണ് കൈക്കൊള്ളുന്നത് ? ഇപ്പോൾ താലൂക്ക് അല്ലാത്ത ഏതെങ്കിലും സ്ഥലത്ത് താലൂക്ക് ആഫീസ് കെട്ടിടത്തിന് തറക്കല്ലിടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, 1453 വില്ലേജുകളിൽ 1382 എണ്ണത്തിനും സ്വന്തം കെട്ടിടം നിർമ്മിച്ചുകഴിഞ്ഞു എന്നുള്ളതുകൊണ്ട് മറ്റ് സ്ഥലങ്ങളിലൊന്നും സ്വന്തം കെട്ടിടം ഇല്ല എന്ന് അർത്ഥമാക്കേണ്ട. വിവിധ സ്റ്റേജുകളിലാണ്. നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിയാത്ത അവസ്ഥയിലാണ്. കേരളത്തിൽ മിക്കവാറും കെട്ടിടം ഇല്ലാത്ത എല്ലാ വില്ലേജ് ആഫീസുകൾക്കും പണം അനുവദിക്കുകയും അതിന്റെ നിർമ്മാണ ഘട്ടങ്ങളിലുമാണ്. തൃശൂർ പ്രദേശങ്ങളിൽ ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്. രണ്ടും മൂന്നും വില്ലേജുകൾക്ക് ഒരു വില്ലേജ് ആഫീസ് എന്ന സ്ഥിതി ഉണ്ടായിരുന്നു. അതിനൊരു മാറ്റം വരുന്നതിനുവേണ്ടി അതെല്ലാം വിഭജിച്ച് സ്വന്തം വില്ലേജ് ആഫീസുകൾക്ക് വേണ്ടി പണം അനുവദിച്ചു. എം.എൽ.എ. മാർ മുൻകൈ എടുത്ത് എവിടെയെല്ലാം സ്ഥലമെടുത്തു കഴിഞ്ഞിട്ടുണ്ടോ അവിടെയെല്ലാം ഇപ്പോൾ അതിനുകൂടി പണം അനുവദിച്ചുകഴിഞ്ഞു. താലൂക്ക് കേന്ദ്രങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തതാണ്, അത് ടെണ്ടർ ചെയ്യുന്നതിന് 20% -ൽ കൂടുതൽ സംഖ്യ കൂടുതൽ നീക്കി വച്ചിട്ടുണ്ട്. അതനുസരിച്ച് ഒരുകോടി അൻപത്തിയാറ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഒരു മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി പട്ടാമ്പിയിൽ ആരംഭിച്ചു. അതുപോലെ ഒരുപാട് സ്ഥലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. താലൂക്കുള്ള സ്ഥലത്തും ഇല്ലാത്ത സ്ഥലത്തും ഒക്കെ അതുണ്ട്. ഭാവിയിൽ സ്വാഭാവികമായും താലൂക്ക് വരും. അതിൽ സംശയിക്കേണ്ട.

ശ്രീ. ലോനപ്പൻ നമ്പാടൻ : രണ്ടും മൂന്നും വില്ലേജുകൾക്ക്കൂടി ഒരു വില്ലേജാഫീസ് എന്ന ഗ്രൂപ്പ് വില്ലേജ് ആഫീസ് സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? ഇരിങ്ങാലക്കുടയിലെ ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ വിഭജിച്ച് പുതിയ 9 വില്ലേജ് ആഫീസുകൾ ഉണ്ടാക്കിയതുപോലെ കൊടകര നിയോജക മണ്ഡലത്തിലും ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ അവസാനിപ്പിച്ച് സ്വന്തമായി വില്ലേജ് ആഫീസുകൾ ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ : നമ്പാടൻ മാസ്റ്ററുടെ പ്രദേശത്തെ ഗ്രൂപ്പ് ആണ് ഞാൻ ആദ്യം അവസാനിപ്പിച്ചത്. അവിടെ പൂർണ്ണമായും ഗ്രൂപ്പ് ഇല്ലാതാക്കി. എല്ലാ സ്ഥലത്തും ഗ്രൂപ്പ് ഇല്ലാതായിട്ടില്ല. എല്ലാ സ്ഥലത്തെയും ഗ്രൂപ്പ് ഞാൻ വിചാരിച്ചാൽ തീർക്കാനും സാധിക്കില്ല. എന്നാൽ റവന്യൂ സംവിധാനത്തിലെ ഗ്രൂപ്പ് പൂർണ്ണമായും തീർക്കും. ഇപ്പോൾ 50 വില്ലേജ് ആഫീസുകൾക്ക് പണം അനുവദിച്ചുകഴിഞ്ഞു. അവശേഷിക്കുന്ന അപൂർവ്വം എണ്ണമേയുള്ളൂ. അതിനുകൂടി ഉടൻതന്നെ പണം അനുവദിക്കും. കൊടകരയുടെ കാര്യത്തിൽ യാതൊരു സംശയവുമില്ല, ഉടനെതന്നെ പരിഹരിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഗ്രൂപ്പ് വില്ലേജുകൾ അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ച് മന്ത്രി പറഞ്ഞ മറുപടിയുമായി ബന്ധപ്പെട്ടതാണ്. 50 വില്ലേജ് ആഫീസുകൾ പുതുതായി പണിയുന്നതിൽ തൃശൂർ ജില്ലയിൽ ഏതാണ്ട് ഒട്ടുമിക്ക വില്ലേജ് ആഫീസുകളും പൂർണ്ണമായും സ്വതന്ത്രമായ സ്വന്തം വില്ലേജ് ആഫീസുകളാക്കി മാറ്റാൻ കഴിയുന്നുണ്ട്. ചേർപ്പ് നിയോജക മണ്ഡലത്തിൽ 15 വില്ലേജ് ആഫീസുകൾക്ക് അനുമതിയും കിട്ടിയിട്ടുണ്ട്. അതിന് ഞാൻ നന്ദി പറയുകയാണ്. അങ്ങനെ പുതിയ വില്ലേജ് ആഫീസുകൾ പണിയുമ്പോൾ പ്രസ്തുത ആഫീസുകളിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് സജീവമായി പരിഗണിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : വില്ലേജ് ആഫീസുകൾ പുതിയ കെട്ടിടങ്ങളിലേക്ക് മാറുമ്പോൾ സ്വാഭാവികമായും അതിന്റെ ഭാഗമായി ചെയ്യേണ്ട ഭരണപരമായ നടപടികളാണത്. തീർച്ചയായും ആ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ബാബു ദിവാകരൻ : വില്ലേജ് ആഫീസിന്റെ കെട്ടിടംപണി പൂർത്തിയായി മാസങ്ങളായി, ബന്ധപ്പെട്ട എം. എൽ. എ യും മന്ത്രിയും അറിയാതെ ആ കെട്ടിടത്തിന്റെ ഉദ്ഘാടനവും നടത്തി, അത് പ്രവർത്തിക്കാതിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആറ് മാസത്തിലേറെയായി ഉദ്ഘാടനവും കഴിഞ്ഞ് അത് പൂട്ടിയിട്ടിരിക്കുന്ന സ്ഥിതിയിലാണ്. കൊല്ലം മണ്ഡലത്തിലെ കിളികൊല്ലൂർ വില്ലേജ് ആഫീസ് കെട്ടിടം തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : ഞാൻ അതിനെക്കുറിച്ച് അന്വേഷിക്കാം. അദ്ദേഹം പറഞ്ഞപ്പോഴാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. അവിടത്തെ എം.എൽ.എ താങ്കളല്ലേ ? എം.എൽ.എ യും മന്ത്രിയും അറിയാത്ത ഒരു ഉദ്ഘാടനം എന്നു പറഞ്ഞാൽ എന്താണ് ? ഇക്കാര്യം ഞാൻ അന്വേഷിക്കാം. ഉടനെ അത് തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടിയും സ്വീകരിക്കാം.

ശ്രീ. കെ. പ്രകാശ് ബാബു : ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരമായി വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ഒരു മറുപടി ഇവിടെ പറഞ്ഞു. പോക്കുവരവുമായി ബന്ധപ്പെട്ട് തണ്ടപ്പേര് മാറ്റുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാകാറുണ്ട്. അപൂർവ്വമായിട്ടെങ്കിലും അങ്ങനെ കാലതാമസം ഉണ്ടാകാറുണ്ട്. വസ്തു കരണം ചെയ്യുമ്പോൾത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അതിനാവശ്യമായ നടപടികൾ ചെയ്യത്തക്ക രീതിയിൽ സബ് രജിസ്ട്രാർ ആഫീസുമായി ബന്ധപ്പെടുത്തി പോക്കുവരവിന്റെ വിവരങ്ങൾ രേഖപ്പെടുത്തത്തക്ക നിലയിൽ വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : കമ്പ്യൂട്ടർവൽക്കരണ നടപടികൾ ആരംഭിച്ചതേയുള്ളൂ. അതിലെ ഒരുപാട് സാദ്ധ്യതകൾ നമുക്ക് യഥാർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കും. ഈ നടപടികളൊക്കെ പൂർണ്ണമാകുന്നതോടുകൂടി ഇതുവരെ തുടർന്നുവന്ന ഈ നടപടികളിലെ വൈകല്യങ്ങളും ന്യൂനതകളുമൊക്കെ പരിഹരിച്ചുകൊണ്ട് ജനങ്ങൾക്ക് പരമാവധി ഇത് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും എന്നുതന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇത്തരം നിർദ്ദേശങ്ങൾ സ്വാഭാവികമായും ഞങ്ങൾ പരിശോധിക്കുന്നതാണ്, പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, വില്ലേജുകളിലെ ജോലിഭാരം കുറയ്ക്കാൻ ഫലപ്രദമായിട്ട് സാധിക്കുന്ന ഒന്നാണല്ലോ അങ്ങയുടെതന്നെ ബുദ്ധിയിൽ ഉദിച്ച് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് കാണുന്ന റവന്യൂ കാർഡ് സമ്പ്രദായം അത് എല്ലാ വില്ലേജുകളിലും പൂർണ്ണമായി നടപ്പിലാക്കാൻ, ബഹുമാനപ്പെട്ട മന്ത്രി തന്നെ ചൂണ്ടിക്കാണിച്ചതുപോലെ കമ്പ്യൂട്ടർവൽക്കരണം വില്ലേജുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമ്പോൾ റവന്യൂ കാർഡ് ഉൾപ്പെടെ ഇതിനകത്ത് ഉൾപ്പെടുത്തി ആവശ്യമായ രീതിയിൽ ജോലിഭാരം കുറയ്ക്കാൻ സാധിക്കുന്ന സംവിധാനം ശാസ്ത്രീയമായി ഉപയോഗിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : റവന്യൂ കാർഡിന്റെ വിതരണത്തിന് ആവശ്യമായ നടപടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ജില്ലകളിൽനിന്നുമായി 55 ലക്ഷത്തിലേറെ അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ആ അപേക്ഷകൾ പ്രോസസ്സ് ചെയ്തു കൊണ്ടിരിക്കുകയാണ്. കുറേ പ്രദേശങ്ങളിൽ കൊടുത്തു തുടങ്ങിയിട്ടുണ്ട്. പറവൂർ താലൂക്കിലാണ് പൂർണ്ണമായും ഇത് നടപ്പിലാക്കാൻ ആദ്യം ശ്രമിച്ചിട്ടുള്ളത്. അത് വരുന്നതോടുകൂടി തീർച്ചയായും ജനങ്ങൾക്ക് അത് വലിയൊരാശ്വാസമാകും. ഈ പ്രശ്നങ്ങളൊക്കെ പരസ്പരം റവന്യൂ കാർഡുമായി ബന്ധപ്പെടുത്താൻ കഴിയും. പ്രായോഗികമായി ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു നടപടി എന്നുള്ള നിലയിൽ അത് നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ (265) & (284)

മത്സ്യസമ്പത്ത് കണ്ടെത്തുവാൻ സംവിധാനം

3 (* 265) ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly